I/125040/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം.**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- സ്വകാര്യ ചികിത്സാ മാനദണ്ഡം ലംഘിച്ചു പ്രാക്ടീസ് നടത്തിയതിനാൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാരെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ന്റെ 24.03.2023 തീയതിയിലെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്

2. കത്ത് നം. എ2-117/2023/ആ.കു.വ തീയതി 07.08.2023

3. കത്ത് നം. എ1-8881/2023/ജി.മെ.ആ, ഇടുക്കി തീയതി 12.07.2023

4. സ.ഉ (സാധാ) നം. 2629/2023/H&FWD തീയതി 12.07.2023 11.10.2023

**ഉത്തരവ് നം. ഇ.എ1-4607/2023/ആ.വ.ഡ തീയതി : 19-12-2023**

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ സ്വകാര്യ ചികിത്സാ മാനദണ്ഡം ലംഘിച്ചു പ്രാക്ടീസ് നടത്തുന്നതായി പരാമർശം (1) പ്രകാരമുള്ള അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ള ചുവടെ പറയുന്ന ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാരെ അച്ചടക്ക നടപടി തുടരും എന്ന വ്യവസ്ഥയിൽ സ്ഥലം മാറ്റി പകരം ഡോക്ടർമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ നിർദേശിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത മെഡിക്കൽ ഓഫീസർമാരെ അവരുടെ പേരിന് നേരെയുള്ള സ്ഥാപനത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചു ഉത്തരവാകുന്നു.

| PEN | പേരും തസ്തികയും | നിലവിലെ സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 49257 | ഡോ. സുനി.സി.എസ്, ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രിക്സ് | താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല | ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി (ഡോ. രാധിക.എസ് - ന് പകരം) |
| 698661 | ഡോ. റൂഗസ്.എസ്.എം. ജോസ്, ജൂനിയർ | താലൂക്ക് ആസ്ഥാന | താലൂക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ, |

| | | | |
|---|---|---|---|
| | കൺസൾട്ടന്റ്, ഓർത്തോപീഡിക്സ് | ആശുപത്രി, പാറശ്ശാല | എറണാകുളം (ഡോ. വിവേക് മാത്യു - ന് പകരം) |
| **689554** | ഡോ.ഗോപീകൃഷ്ണ.പി, ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജറി | താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല | ജനറൽ ആശുപത്രി, മുവാറ്റുപുഴ, എറണാകുളം (നിലവിലെ ഒഴിവിൽ) |

കൂടാതെ പാറശ്ശാല താലൂക്ക് ആശുപത്രിയിലേയ്ക്ക് പകരം ഡോക്ടർമാരെ നിയമിക്കേണ്ടതിനാൽ പരാമർശം (3) പ്രകാരമുള്ള അപേക്ഷയുടെയും പരാമർശം (4) പ്രകാരമുള്ള ഉത്തരവിലെ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രകാരം സ്ഥലം മാറ്റം അനുവദിച്ചു ഉത്തരവാകുന്നു.

| **PEN** | **പേരും തസ്തികയും** | **നിലവിലെ സ്ഥാപനം** | **സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം** |
|---|---|---|---|
| **512205** | ഡോ. രാധിക.എസ്, ജൂനിയർ കൺസൾട്ടന്റ്, പീഡിയാട്രിക്സ് | ജില്ലാ ആശുപത്രി, തൊടുപുഴ, ഇടുക്കി | താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം (ഡോ. സുനി.സി.എസ്-ന് പകരം) |
| **637155** | ഡോ. വിവേക് മാത്യു, ജൂനിയർ കൺസൾട്ടന്റ്, ഓർത്തോപീഡിക്സ് | താലുക്ക് ആസ്ഥാന ആശുപത്രി, പെരുമ്പാവൂർ, എറണാകുളം | താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം (ഡോ. റൂഗസ്-ന് പകരം) |

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ മേൽ പറഞ്ഞ മെഡിക്കൽ ഓഫീസർമാരെ പകരക്കാരെ കാത്തു നിൽക്കാതെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ ചെയ്ത ആർ.ടി.സി യും ജോലിയിൽ പ്രവേശിച്ച ആർ.ടി.സി യും ഈ

I/125040/2023

ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർമാരും സ്ഥാപന മേധാവികളും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 19-12-2023 16:10:37

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ

പകർപ്പ് :
1.അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം/ ഇടുക്കി/ എറണാകുളം
3 .ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്